# MEDICAL ASSISTANCE SCHEME (MAS)

## നിബന്ധനകൾ

1-മുനീറുൽ ഇസ്ലാം സംഘത്തിന്റെ (MIS) പ്രവർത്തന പരിധിയിൽ താമസിക്കുന്ന നിലവിലുള്ള MIS ജനറൽ ബോഡി മെമ്പർമാരും, വരിസംഖ്യ നൽകുന്നവരും അടക്കമുള്ള താണ മഹൽ നിവാസികൾക്ക് താഴെ പരാമർശിക്കുന്ന നിശ്ചിത രോഗ ചികിത്സക്കായി സാമ്പത്തിക വിഷമം അനുഭവിക്കുമ്പോൾ, അവരുടെ സാമ്പത്തിക പ്രയാസം ലഘൂകരിക്കുവാൻ ഉപയുക്തമായ ഒരു പദ്ധതിയാണ് ഇത്. പരസ്പര വിശ്വാസവും, ഇസ്ലാമിക സാഹോദര്യവും സാമൂഹിക പ്രതിബന്ധതയും അടിസ്ഥാനമാക്കിയാണ് ഈ പദ്ധതി നടപ്പിലാക്കുക.

2-പ്രാരംഭ ഘട്ടത്തിൽ താഴെ പറയുന്ന ഏതെങ്കിലും രോഗംമൂലം ആസ്പത്രിയിൽ കിടത്തി നടത്തുന്ന ചികിൽസക്ക് ആയിരിക്കും സഹായ ധനം നൽകുക.

- A- Cancer
- B- Kidney Dialysis/ Kidney Transplantation
- C- Diabetes Related Complications
- D- Heart Surgery ( Open or otherwise)
- E- Stroke
- F- Major Accidents.

3- ഒന്നോ രണ്ടോ പേര് അടങ്ങുന്നതാണ് Basic വ്യക്തിഗത യൂനിറ്റ്. വ്യക്തിഗത യൂനിറ്റിലേക്ക് ബന്ധപ്പെട്ടവരുടെ 18 വയസ്സിൽ കുറഞ്ഞ സന്താനങ്ങളെ നിശ്ചിത അധിക വരിസംഖ്യ നൽകി ചേർക്കാവുന്നതാണ്. ഇത് കുടംബ യൂനിറ്റായി നാമകരണം ചെയ്യുന്നു.

4- ഒരു വർഷ കാലാവധിയുള്ള വ്യക്തിഗത യൂനിറ്റ് മെമ്പർഷിപ്പിന് 1000/- രൂപ ആയിരിക്കും വരിസംഖ്യ. 18 വയസ്സിന് താഴെയുള്ള സന്താനങ്ങളെ 250/- രൂപ വീതം അധികവാർഷിക വരിസംഖ്യ നൽകി സ്കീമിൽ ചേർക്കാവുന്നതാണ്.

5- സമാഹരിച്ച വാർഷിക വരിസംഖ്യ സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ അടിസ്ഥാനത്തിൽ സഹായധനമായി വിതരണം ചെയ്ത് തീർന്നാൽ കാലികവർഷത്തിന്റെ ബാക്കിയുള്ള ദിനങ്ങളിലെ സഹായധന വിതരണത്തിന് ആവശ്യമായി വരുന്ന തുക വീണ്ടും സമാഹരിക്കുന്നതിന് സബ് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ നിശ്ചയിക്കുന്ന അധിക വരിസംഖ്യ നൽകുവാൻ മെമ്പർമാർ ബാദ്ധ്യസ്ഥരാണ്. ഒരു വർഷകാലാവധിയിൽ രണ്ടിൽ കൂടുതൽ തവണ വരിസംഖ്യ ഒരു കാരണവശാലും നൽകേണ്ടതില്ല.

6- നിശ്ചയിക്കപ്പെട്ട സമയ പരിതിക്കുള്ളിൽ വാർഷിക വരിസംഖ്യ/ അധികവരിസംഖ്യ അടക്കുന്നതിൽ മെമ്പർമാർ പരാജയപ്പെട്ടാൽ അവരുടെ പദ്ധതിയിലെ അംഗത്വം നഷ്ടപ്പെടുന്നതും, സഹായധനം അപേക്ഷിക്കുവാനുള്ള അവകാശം നഷ്ടപ്പെടുന്നതുമാണ്. അത്തരം സന്ദർഭങ്ങളിൽ മുമ്പ് അടച്ച വരിസംഖ്യ തിരിച്ച് നൽകുന്നതല്ല.

7- മുകളിൽ പ്രതിപാദിച്ച (clause 2) രോഗ ചികിത്സക്കായിരിക്കും പ്രാരംഭഘട്ടത്തിൽ സഹായ ധനം സ്കീം മെമ്പർമാർക്ക് നൽകുക. ഒരു വർഷ കാലാവധിയിൽ വ്യക്തികത യൂനിറ്റിനും കുടുംബ യൂനിറ്റിന്നും നൽകുന്ന, ഒറ്റ തവണ സഹായധനമായാലും ഭാഗികമായി പലതവണ നൽകുന്ന സഹായധന മാണങ്കിലും പരമാവധി തുക 50,000/- രൂപയിൽ കവിയുകയില്ല.

സഹായധന അപേക്ഷ സബ്കമ്മിറ്റിക്ക് ലഭിച്ചാൽ പരമാവധി 15 ദിവസത്തിനുള്ളിൽ സ്ഥിരീകരണത്തിനുശേഷം സ്കീം നിബന്ധനകൾക്ക് വിധേയമായി സഹായധനം നൽകുന്നതാണ്.

8- സ്കീമിൽ അംഗങ്ങളാവുവാൻ മെഡിക്കൽ ചെക്കപ്പിന്റെ അവശ്യകതയില്ല. മുകളിൽ പ്രതിപാദിച്ച രോഗങ്ങൾ (clause 2) സ്കീമിൽ ചേരുമ്പോൾ ഉണ്ടെങ്കിലും സഹായ ധനത്തിന് അപേക്ഷിക്കാവുന്നതാണ്. പക്ഷേ അംഗങ്ങളായി ചേർന്ന് ആറ് മാസത്തിന് ശേഷമെ അത്തരം അപേക്ഷകൾ പരിഗണിക്കുകയുള്ളു. 75 വയസ്സിന് മുകളിലുള്ളവർക്ക് സ്കീമിൽ ആദ്യമായി അംഗത്വം ലഭിക്കുന്നതല്ല. പക്ഷേ സ്കീമിൽ ചേർന്നതിന് ശേഷം മരണം വരെ മെമ്പർഷിപ്പ് യഥാസമയം പുതുക്കി നിലനിൽക്കുന്നുണ്ടങ്കിൽ ഇതിൽ പ്രതിപാദിച്ച നിയമങ്ങൾക്ക് വിധേയമായി സഹായധനത്തിന്

അപേക്ഷിക്കാവുന്നതാണ്. സഹായധനം Claim ചെയ്യുവാൻ താൽപര്യമില്ലാത്തവർക്ക് പ്രായപരിതിയില്ലാതെ ഈ പദ്ധതിയിൽ ചേരാവുന്നതാണ്.

9- സഹായധനത്തിന് അപേക്ഷിക്കുമ്പോൾ ബന്ധപ്പെട്ട Hospital രേഖകൾ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

10- സ്കീം പ്രവർത്തന സംബന്ധമായ എല്ലാകാര്യങ്ങളും MIS EXECUTIVE കമ്മിറ്റിയുടെ തീരുമാനപ്രകാരം രുപീകരിച്ച സബ് കമ്മിറ്റി ആയിരിക്കും നടത്തുക. സബ് കമ്മിറ്റിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും. സ്കീം ഏതു സന്ദർഭത്തിലും പൂർണ്ണമായി നിർത്തലാക്കാനുള്ള അധികാരം MIS EXECUTIVE കമ്മിറ്റിയുടെ അനുവാദത്തോടെ സബ് കമ്മിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ സമാഹരിച്ച ശേഷിക്കുന്ന ഫണ്ട് നിലവിലെ മെമ്പർമാർക്ക് ആനുപാതികമായി തിരിച്ച് നൽകുന്നതാണ്.

11- സ്കീം മെമ്പർഷിപ്പ് വാർഷിക വരിസംഖ്യ എല്ലാ കലണ്ടർ വർഷത്തിലും ജനവരി ഒന്നു മുതൽ 15 ാം തീയ്യതിക്കു മുമ്പായി അടച്ച് സ്കീം മെമ്പർഷിപ്പ് പുതുക്കാവുന്നതാണ്. അല്ലാത്തപക്ഷം മെമ്പർഷിപ്പ് നഷ്ടപ്പെടുന്നതാണ്.

12- സ്കീമിൽ ചുരുങ്ങിയത് 500 മെമ്പർമാരെയാണ് പ്രതീക്ഷിക്കുന്നത് പ്രാഥമികമായി 350 പേരെങ്കിലും സ്കീമിൽ വരിസംഖ്യ അടച്ച് ചേർന്നില്ലെങ്കിൽ സ്കീം നടപ്പിലാക്കുകയില്ല. അത്തരം സന്ദർഭങ്ങളിൽ ശേഖരിച്ച സംഖ്യ മെമ്പർമാർക്ക് തിരിച്ച് നൽകുന്നതാണ്.

13- മഹല്ലിലെ പാവപ്പെട്ടവരും സമ്പന്നരും ഒത്ത് ചേർന്നുള്ള ലാഭേച്ചയില്ലാത്ത സാമൂഹിക ആരോഗ്യ ചികിത്സ പരസ്പരസഹായ സുരക്ഷ പദ്ധതിയാണ് ഇത്.

അത്തരം അടിസ്ഥാനത്തിൽ സ്കീമിൽ ചേരുവാനും, സഹായധനം ആവശ്യപ്പെടാതിരിക്കുവാനും അംഗങ്ങൾക്ക് സൗകര്യമുണ്ടാ യിരിക്കുന്നതാണ്.

14- സ്കീം സംബന്ധമായ മാനേജ്മെന്റ് സംവിധാനം (മെമ്പർമാരെ ചേർക്കൽ, വരിസംഖ്യ സ്വരൂപിക്കൽ, സഹായ ധന അപേക്ഷ വെരിഫിക്കേഷൻ, സഹായ ധനം നൽകൽ, വാർഷിക ഓഡിറ്റിങ്ങ് മുതലായ) സബ് കമ്മിറ്റിയായിരിക്കും നടപ്പിലാക്കുക.

സ്കീം നിബന്ധനകളിൽ കാലികമായി അനിവാര്യമായി വരുന്ന മാറ്റങ്ങൾ **MIS Executive** കമ്മിറ്റിയുടെ അനുവാദത്തോടെ നടപ്പിലാക്കുവാൻ സ്കീം കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

15. സ്കീം അംഗമായിരിക്കുന്നവർക്ക് കണ്ണൂരിലെ പ്രധാന ഹോസപിറ്റലുകളിൽ നിന്നും ചികിത്സാ ചിലവിന് ഡിസ്കൗണ്ട് ലഭ്യമാക്കുവാൻ ശ്രമിക്കുന്നതാണ്.

---